# മതത്തിൽ പിന്തുടരൽ നിർബന്ധമായത്

**ഗ്രന്ഥകർത്താവ്:** *ശൈഖ് മുഹമ്മദുബ്നു സ്വാലിഹ് അൽഉഥൈമീൻ ( رَحِمَهُ ٱللَّهُ )*
**ഗ്രന്ഥം:** *فتح رب البرية بتلخيص الحموية*
**വിവർത്തനം:** *ഹംസ ജമാലി*

അല്ലാഹുവിന്റെ വചനവും, അവന്റെ പ്രവാചകൻ മുഹമ്മദ്(ﷺ)യുടെ ചര്യയും അദ്ദേഹത്തിനു ശേഷം വന്ന സ്വഹാബികളിലെ സച്ചരിതരായ ഖുലഫാഉറാശിദുകളുടെയും സന്മാർഗത്തിൽ അവരെ പിന്തുടർന്നവരുടെയും വാക്കുകളെയുമാണ് ഒരടിമക്ക് അവന്റെ മതത്തിൽ പിന്തുടരൽ നിർബന്ധമാകുന്നത്.

കാരണം വ്യക്തമായ തെളിവുകളും സന്മാർഗവുമായി അല്ലാഹു മുഹമ്മദ് നബി(ﷺ)യെ നിയോഗിക്കുകയും, സർവ ജനങ്ങളോടും അദ്ദേഹത്തിൽ വിശ്വസിക്കണമെന്നും, പ്രത്യക്ഷമായും പരോക്ഷമായും അദ്ദേഹത്തെ പിന്തുടരണമെന്നും നിർബന്ധമാക്കിയിരിക്കുന്നു എന്ന് അല്ലാഹു പറഞ്ഞു:

﴿ قُلْ يَٰٓأَيُّهَا ٱلنَّاسُ إِنِّى رَسُولُ ٱللَّهِ إِلَيْكُمْ جَمِيعًا ٱلَّذِى لَهُۥ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ لَآ إِلَٰهَ إِلَّا هُوَ يُحْىِۦ وَيُمِيتُ ۖ
فَـَٔامِنُوا۟ بِٱللَّهِ وَرَسُولِهِ ٱلنَّبِىِّ ٱلْأُمِّىِّ ٱلَّذِى يُؤْمِنُ بِٱللَّهِ وَكَلِمَٰتِهِۦ وَٱتَّبِعُوهُ لَعَلَّكُمْ تَهْتَدُونَ ﴿١٥٨﴾ ﴾

''പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഏതൊരുവന്നാണോ അവന്റെ (ദൂതൻ) അവനല്ലാതെ ഒരു ദൈവവുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവിൻ. അതെ, അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന അക്ഷരജ്ഞാനമില്ലാത്ത ആ പ്രവാചകനിൽ. അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുവിൻ നിങ്ങൾക്ക് നേർമാർഗം പ്രാപിക്കാം.'' (അഅ്റാഫ്:158)

നബി(ﷺ) പറഞ്ഞു:

**عليكم بسنتي وسنة الخلفاء الراشدين المهديين من بعدي تمسكوا بها، وعضوا عليها بالنواجذ، وإياكم ومحدثات الأمور؛ فإن كل محدثة بدعة، وكل بدعة ضلالة**

''നിങ്ങൾ എന്റെ ചര്യ മുറുകെപ്പിടിക്കുക. എനിക്കുശേഷം വരുന്ന മാർഗദർശനം സിദ്ധിച്ച സച്ചരിതരായ മുൻഗാമികളുടെ ചര്യയും, നിങ്ങൾ അവ അണപ്പല്ലുകൊണ്ട് കടിച്ച് പിടിക്കുക. മതത്തിലെ നൂതനാചാരങ്ങളെ കരുതിയിരിക്കുക. എല്ലാ പുതിയതും അനാചാരമാകുന്നു. എല്ലാ അനാചാരവും വഴികേടാകുന്നു'' (അബൂദാവൂദ്: 4607).

ഉപകാരപ്രദമായ വിജ്ഞാനത്തിലും സൽകർമങ്ങളിലും പ്രവാചകന്റെ പാത പിന്തുടർന്നവരാണ് സച്ചരിതരായ മുൻഗാമികൾ. പ്രവാചകൻ(ﷺ)യുടെ അനുചരന്മാരാണ് ഈ വിശേഷണത്തിന് ഏറ്റവും അർഹതപ്പെട്ടവർ. കാരണം അല്ലാഹു അവന്റെ പ്രവാചകന്റെ അനുയായികളായും അവന്റെ മതത്തെ നേരാംവണ്ണം നിലനിർത്തുന്നതിന്നുമായി അവരെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. പൂർണ വിശ്വാസികളും, വിവേകികളും, ധാരാളം പ്രവർത്തിക്കുന്നവരും, തീരുമാനങ്ങൾ നടപ്പിലാക്കുന്നവരും, കൂടുതൽ സന്മാർഗം പ്രാപിച്ചവരുമായവരെയല്ലാതെ അല്ലാഹു തന്റെ ദൂതന്റെ അനുയായികളായി തെരഞ്ഞെടുക്കുകയില്ല -അവൻ സർവജ്ഞനും അഗാധജ്ഞാനിയുമാകുന്നു- അതുകൊണ്ട് തന്നെ പ്രവാചകനു(ﷺ) ശേഷം പിന്തുടരാൻ അവരാണ് കൂടുതൽ യോഗ്യരും. അവർക്കു ശേഷം സന്മാർഗികളും ധർമബോധമുള്ളവരുമായ മതത്തിലെ ഇമാമുകളും.

### പ്രവാചക സന്ദേശം

നബി(ﷺ)യുടെ ദൗത്യം രണ്ടുകാര്യങ്ങൾ ഉൾക്കൊള്ളുന്നു:

1) ഉപകാരപ്രദമായ വിജ്ഞാനം
2) സൽകർമ്മം.

അല്ലാഹു പറഞ്ഞു:

﴿ هُوَ ٱلَّذِىٓ أَرْسَلَ رَسُولَهُۥ بِٱلْهُدَىٰ وَدِينِ ٱلْحَقِّ لِيُظْهِرَهُۥ عَلَى ٱلدِّينِ كُلِّهِۦ وَلَوْ كَرِهَ ٱلْمُشْرِكُونَ ﴿٣٣﴾ ﴾

''സന്മാർഗവും സത്യമതവും കൊണ്ട്-എല്ലാ മതങ്ങൾക്കും മീതെ അതിനെ തെളിയിച്ചുകാണിക്കാൻ വേണ്ടി - തന്റെ ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. ബഹുദൈവാരാധകർക്ക് (അത്) അനിഷ്ടകരമായാലും ശരി'' (അത്തൗബ :33)

ആയത്തിൽ പറഞ്ഞ സന്മാർഗം എന്നതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത് ഉപകാരപ്രദമായ വിജ്ഞാനവും സത്യമതം കൊണ്ട് വിവക്ഷിക്കപ്പെടുന്നത് ആത്മാർഥതയോടെയും പ്രവാചക തിരുമേനിയെ പിന്തുടർന്നുകൊണ്ടും അല്ലാഹുവിന്ന് നിർവഹിക്കുന്ന സൽകർമവുമാകുന്നു.

ഇഹത്തിലും പരത്തിലും സമൂഹത്തിന് നന്മയും ഉപകാരവുമുണ്ടാകുന്ന എല്ലാ വിജ്ഞാനങ്ങളുമുൾക്കൊള്ളുന്നതാണ് ഉപകാരപ്രദമായ വിജ്ഞാനം. ഇതിലൊന്നാമത്തേതാണ് അല്ലാഹുവിന്റെ നാമങ്ങളിലും വിശേഷണങ്ങളിലും പ്രവർത്തികളിലുമുള്ള വിജ്ഞാനം. കാരണം ഇതാണ് ഏറ്റവും ഉപകാരപ്രദമായ അറിവ്. അതുതന്നെയാണ് ദൈവിക സന്ദേശത്തിന്റെ സത്തയും, പ്രവാചക പ്രബോധനത്തിന്റെ രത്നച്ചുരുക്കവും. അപ്രകാരംതന്നെ വാക്കുകൊണ്ടും, പ്രവർത്തികൊണ്ടും വിശ്വാസം കൊണ്ടുമെല്ലാം മതം നിലനില്ക്കുന്നതും ഇതുമുഖേനയാണ്.

സംശയരഹിതമായും പ്രസ്പഷ്ടമായും വിവരിക്കാതെ പ്രവാചകൻ(ﷺ) അതിനെ (അല്ലാഹുവിന്റെ നാമ വിശേഷണങ്ങളെ) അവഗണിച്ചുവെന്നത് നബിﷺയിൽ നിന്ന് സംഭവിക്കാവതല്ല. ഇത് വ്യക്തമാക്കുന്ന ഏതാനും കാരണങ്ങൾ താഴെ കൊടുക്കുന്നു.

**ഒന്ന്:**

പ്രവാചക സന്ദേശം പ്രകാശവും സന്മാർഗവുമടങ്ങിയതാകുന്നു. അല്ലാഹു നബി(ﷺ)യെ സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീത് നല്കുന്നവനും അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് അവങ്കലേക്ക് ക്ഷണിക്കുന്നവനും പ്രകാശം നല്കുന്ന ഒരു വിളക്കും

ആയിക്കൊണ്ടാണ് നിയോഗിച്ചിരിക്കുന്നത്. എത്രത്തോളമെന്നാൽ നബി(ﷺ) തന്റെ സമുദായത്തെ രാത്രി പോലും പകലിന് സമാനമായ തെളിഞ്ഞ പാതയിലാണ് വിട്ടേച്ചുപോയത്. നശിച്ചവനല്ലാതെ ആ പാതയിൽ നിന്നും തെറ്റുകയില്ല. ആ പ്രകാശത്തിൽ ഏറ്റവും മഹത്തരവും ഉന്നതവുമായത് അല്ലാഹുവിനെക്കുറിച്ചും അവന്റെ നാമങ്ങളെ ക്കുറിച്ചും അവന്റെ ഗുണങ്ങളെക്കുറിച്ചും അവന്റെ പ്രവർത്തികളെക്കുറിച്ചുമെല്ലാമുള്ള അറിവുകൊണ്ടുണ്ടാകുന്നതാണ്. അതുകൊണ്ടുതന്നെ അത് വ്യക്തമായി വിവരിക്കൽ പ്രവാചക(ﷺ)ന്റെ ബാധ്യതയിൽപെട്ടതാണ്.

**രണ്ട്:**

ഭക്ഷണപാനീയ മര്യാദകൾ, ഇരുത്തം ഉറക്കം പോലുള്ള ദീനിന്റെയും ദുൻയാവിന്റെയും കാര്യങ്ങളിൽ സമൂഹത്തിന്നാവശ്യമായ എല്ലാ കാര്യങ്ങളും അവിടുന്ന് സമൂഹത്തെ പഠിപ്പിച്ചു. അബൂദർറ് ﷺ പറയുന്നു:

**لقد توفي رسول الله صلّى الله عليه وسلّم وما طائر يقلب جناحيه إلا ذكر لنا منه علماً**

''വായുവിൽ ചിറകിട്ടടിക്കുന്ന ഓരോ പറവകളെക്കുറിച്ചും നബി(ﷺ) ഞങ്ങൾക്ക് ഒരറിവ് നല്കാതെ വിട്ടുപിരിഞ്ഞിട്ടില്ല.'' (ത്വബ്റാനി 1624, സിൽസില സ്വഹീഹ: 1803)

അല്ലാഹുവിനെയും അവന്റെ നാമങ്ങളെയും ഗുണങ്ങളെയും പ്രവർത്തികളെയും കുറിച്ചുള്ള അറിവ് ഈ പൊതുവാചകത്തിലകപ്പെടുമെന്നതിൽ സന്ദേഹമില്ല. മാത്രമല്ല അനിവാര്യമായും അറിഞ്ഞിരിക്കേണ്ട വിജ്ഞാനമെന്ന നിലയിൽ പ്രവാചകൻ(ﷺ) പഠിപ്പിച്ച കാര്യങ്ങളിൽ പ്രഥമസ്ഥാനം നല്കേണ്ടതും ഇതിന് തന്നെ.

**മൂന്ന്:**

അല്ലാഹുവിലും അവന്റെ നാമങ്ങളിലും ഗുണങ്ങളിലും പ്രവർത്തികളിലും വിശ്വസിക്കൽ മതത്തിന്റെ അടിസ്ഥാനവും, പ്രവാചകന്മാരുടെ പ്രബോധനത്തിന്റെ ചുരുക്കവുമാകുന്നു. അത് ബുദ്ധിയും ഹൃദയവും കരസ്ഥമാക്കിയ, ഏറ്റവും ശ്രേഷ്ഠവും നിർബന്ധവുമായതുമാണ് എന്നിരിക്കെ ഇതിനേക്കാൾ ചെറിയ പലകാര്യങ്ങൾക്കും പ്രാമുഖ്യം കല്പിച്ച നബി(ﷺ) എങ്ങിനെ ഇതിനെ അവഗണിക്കും?

**നാല്:**

തന്റെ രക്ഷിതാവിനെക്കുറിച്ച് ജനങ്ങളിൽ ഏറ്റവും കൂടുതൽ അറിയുന്നവൻ നബി(ﷺ)യാണ്. അവരിൽ പടപ്പുകളോട് ഏറ്റവും ഗുണകാംക്ഷയുള്ളവനും, വ്യക്തവും സ്ഫുടവുമായി വിശദീകരിക്കാൻ കഴിയുന്നവനും ഇദ്ദേഹം തന്നെയാണ്. എന്നിരിക്കെ അല്ലാഹുവിലും അവന്റെ നാമങ്ങളിലും ഗുണങ്ങളിലും പ്രവർത്തികളിലും വിശ്വസിക്കുന്നതിനെക്കുറിച്ച് കണിശമല്ലാത്ത വിധം സംശയകരമാകുന്ന നിലയിൽ വിട്ടുപോവുക എന്നത് അസംഭവ്യമാണ്.

**അഞ്ച്:**

തീർച്ചയായും സ്വഹാബികൾ ഇക്കാര്യത്തിൽ സത്യം പറയുന്നവരായിരിക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം ഒന്നുകിൽ അതിൽ മൗനം പാലിക്കുകയോ അല്ലെങ്കിൽ അയഥാർഥമായത് പറയുകയോ ചെയ്യുമായിരുന്നു. ഇത് രണ്ടും അവരെ സംബന്ധിച്ചിടത്തോളം ഉണ്ടാകാവതല്ല. കാരണം മൗനം പാലിക്കൽ, അല്ലാഹുവിന് നിർബന്ധമായതും അല്ലാത്തതുമായ അവന്റെ നാമങ്ങളിലുമുള്ള അവരുടെ അറിവില്ലായ്മയാലാകും, അല്ലെങ്കിൽ അറിയാമായിരുന്നിട്ടും അത് മറച്ചുവെച്ചതിനാലായിരിക്കും ഇത് രണ്ടും സംഗതമല്ല.

എന്തുകൊണ്ടെന്നാൽ വിജ്ഞാനം തേടുന്ന, ആരാധനയിൽ കൊതിയുള്ള ജീവനുള്ള ഏതു ഹൃദയത്തിനും അല്ലാഹുവിലുള്ള വിശ്വാസത്തെക്കുറിച്ചും അവന്റെ നാമങ്ങളും ഗുണങ്ങളും ശരിയായി അറിഞ്ഞ് വിശ്വസിക്കുന്നതിന്നായി അന്വേഷിക്കുക എന്നത് ഏറ്റവും വലിയ ലക്ഷ്യമാകാതിരിക്കാൻ വകയില്ല.

നന്മയെ സനേഹിക്കുന്നതിലും ഉപകാരപ്രദമായ വിജ്ഞാനങ്ങൾ കരസ്ഥമാക്കുന്നതിലും ജനങ്ങളിൽ ഏറ്റവും മുൻപന്തിയിൽ ഉത്തമരായ നൂറ്റാണ്ടുകാരാണ്. അതിൽതന്നെ ഏറ്റവും ശ്രേഷ്ഠമായ സ്വഹാബികളാണ് എന്നത് സംശയത്തിന് വകയില്ലാത്ത കാര്യമാകുന്നു. നബി(ﷺ) പറയുകയുണ്ടായി:

خير الناس قرني، ثم الذين يلونهم، ثم الذين يلونهم

''ജനങ്ങളിൽ ഏറ്റവും ഉത്തമരായവർ എന്റെ നൂറ്റാണ്ടു കാരാകുന്നു. അതിനുശേഷം അതിനടുത്തവരും പിന്നീട് അതിനടു ത്തവരും.'' (ബുഖാരി, 3458, മു 4601)

വാക്ക് പ്രവർത്തി വിശ്വാസം എന്നിവകൊണ്ട് അല്ലാഹുവിലേക്ക് അടുക്കുന്ന എല്ലാ കാര്യങ്ങളിലും ഈ പ്രത്യേകത അവരുടെ ശ്രേഷ്ടതയെക്കുറിക്കുന്നു.

ഇനി ഈ വിഷയത്തിൽ അവർ യഥാർഥത്തിൽ അറിയാത്തവരായിരുന്നുവെന്ന് നാം സങ്കല്പിക്കുകയാണെങ്കിൽ അവർക്കുശേഷം വന്നവരാണ് അജ്ഞരാവാൻ കൂടുതൽ സാധ്യത. കാരണം അല്ലാഹുവിന്റെ നാമങ്ങളും വിശേഷണങ്ങളും ദിവ്യസന്ദേശം മുഖേനയാണ് അറിയുക. സ്വഹാബികളാകട്ടെ പ്രവാചക തിരുമേനിയുടെയും മുസ്‌ലിം ഉമ്മത്തിന്റെയുമിടയിലെ മാധ്യമമാകുന്നു. എന്നിരിക്കെ ഈ വിഷയത്തെക്കുറിച്ച് അവരിൽ ഒരാൾക്കും അറിവില്ലാ എന്നത് അസംഭവ്യമാകുന്നു.

സ്വഹാബികൾ സത്യം അറിഞ്ഞിട്ടും മറച്ചുവെക്കുക എന്നത് അവരിൽ വന്നുകൂടാത്തതാണ്. കാരണം ഉപകാരപ്രദമായ വിജ്ഞാനം പ്രചരിപ്പിക്കുന്നതിലും അത് സമുദായത്തിന് എത്തിച്ചുകൊടുക്കുന്നതിലും സ്വഹാബാക്കളുടെ താല്പര്യം അറിയുന്ന ശരിയായ ബുദ്ധിയുള്ള ഒരാൾക്കും സത്യം മറച്ചുവെക്കുക എന്ന അപരാധത്തെ അവരിലേക്ക് ചേർത്തിപ്പറയാൻ സാധ്യമല്ല തന്നെ. പ്രത്യേകിച്ച് അല്ലാഹുവിനെയും അവന്റെ നാമങ്ങളെയും ഗുണങ്ങളെയും കുറിച്ചുള്ള നിർബന്ധമായ കാര്യങ്ങളിൽ.

അതിനുപുറമെ ഈ വിഷയത്തെക്കുറിച്ച് സ്വഹാബാക്കളിൽ നിന്ന് ഒരുപാട് വചനങ്ങൾ വന്നിട്ടുമുണ്ട്. അന്വേഷിക്കുന്നവർക്ക് അത് കണ്ടെത്താവുന്നതുമാകുന്നു.

<u>സ്വഹാബികൾ അയാഥാർഥ്യം പറയുക എന്നത് രണ്ടുകാരണങ്ങളാൽ അസംഭവ്യമാണ്.</u>

**ഒന്ന്:**

അയാഥാർഥ്യമായ വാക്കുകൾ വ്യക്തമായ തെളിവിന് പുറത്താകുന്നു. സ്വഹാബികളാകട്ടെ ജനങ്ങളിൽ വെച്ച് വ്യക്തമായ തെളിവില്ലാത്തവ പറയുന്നതിന്നും വളരെ വിദൂരത്താണെന്നത് സുവിദിതമാണ്. പ്രത്യേകിച്ച് അല്ലാഹുവിലുള്ള വിജ്ഞാനത്തിന്റെ അദൃശ്യമായ കാര്യങ്ങളെക്കുറിച്ചും. താഴെകൊടുക്കുന്ന ഖുർആൻ വചനങ്ങൾ അന്വർഥമാക്കുന്നവരായിരുന്നു അവർ.

﴿ وَلَا تَقْفُ مَا لَيْسَ لَكَ بِهِۦ عِلْمٌۚ إِنَّ ٱلسَّمْعَ وَٱلْبَصَرَ وَٱلْفُؤَادَ كُلُّ أُوْلَٰٓئِكَ كَانَ عَنْهُ مَسْـُٔولًا ﴿٣٦﴾ ﴾

''നിനക്കറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റി യെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്.'' (അൽഇസ്റാഅ്: 36)

﴿ قُلْ إِنَّمَا حَرَّمَ رَبِّيَ ٱلْفَوَٰحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ وَٱلْإِثْمَ وَٱلْبَغْيَ بِغَيْرِ ٱلْحَقِّ وَأَن تُشْرِكُوا۟ بِٱللَّهِ مَا لَمْ يُنَزِّلْ بِهِۦ سُلْطَٰنًا وَأَن تَقُولُوا۟ عَلَى ٱللَّهِ مَا لَا تَعْلَمُونَ ﴿٣٣﴾ ﴾

പറയുക: ''എന്റെ രക്ഷിതാവ് നിഷിദ്ധമാക്കിയിട്ടുള്ളത് പ്രത്യക്ഷമായതും നീചവൃത്തികളും, അധർമവും, ന്യായം കൂടാതെയുള്ള കയ്യേറ്റവും, യാതൊരു പ്രമാണവും അല്ലാഹു ഇറക്കിത്തന്നിട്ടില്ലാത്തതിനെ അവനോട് നിങ്ങൾ പങ്കുചേർക്കു ന്നതും, അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്കു വിവരമില്ലാത്തത് നിങ്ങൾ പറഞ്ഞുണ്ടാക്കുന്നതും മാത്രമാണ്.'' (അൽഅഅ്റാഫ്: 33)

**രണ്ട്:**

വാസ്തവവിരുദ്ധമായ വാക്കുകൾ പറയുന്നത് ഒന്നുകിൽ അതിന്റെ ഉത്ഭവം അറിവില്ലായ്മയിൽ നിന്നാകും. അല്ലെങ്കിൽ സൃഷ്ടികളെ പിഴപ്പിക്കാൻ ഉദ്ദേശിക്കുന്നതിൽ നിന്നാകും. ഇവരണ്ടും സ്വഹാബികളുടെ മഹത്വത്തിന് ചേരാത്തതാണ്. സമുദായത്തിന് പൂർണമായും ഗുണകാംക്ഷികളായി അറിയപ്പെടുന്ന സ്വഹാബികളിൽ നിന്നും സൃഷ്ടികളെ പിഴപ്പിക്കാൻ ഉദ്ദേശ്യമുണ്ടാകുക എന്നത് അസംഭവ്യമാണ്.

ഇനി ഈ വിഷയത്തിൽ സ്വഹാബികൾ പറഞ്ഞവയിൽ ദുരുദ്ദേശ്യമുണ്ടെങ്കിൽ അവർ പറയുന്ന മതപരമായ മറ്റു കാര്യങ്ങളിലും ദുരുദ്ദേശ്യമുണ്ടെന്നുവരികയും അങ്ങനെ ഈ വിഷയത്തിലും മറ്റും അവരുടെ വാക്കുകൾ വിശ്വാസയോഗ്യമല്ലാതായിത്തീരുകയും ചെയ്യും. ഇത് അങ്ങേയറ്റം ദുർബലമായതാണ്. കാരണം ഇത് ശരീഅത്തിന് തന്നെ അപമാനം വരുത്തുന്നതാകുന്നു.

അപ്രകാരം ഈ വിഷയത്തിൽ സ്വഹാബികൾ സത്യം പറയൽ അനിവാര്യമാണെന്ന് വ്യക്തമാകുകയാണെങ്കിൽ ഒന്നുകിൽ അവരുടെ ചിന്തയിൽ നിന്നോ, അല്ലെങ്കിൽ വഹ്യിന്റെയടിസ്ഥാനത്തിലോ ആയിരിക്കാം അത് പറയുന്നത്. ഇവിടെ ആദ്യം പറഞ്ഞത് അസംഭവ്യമാണ്. കാരണം അല്ലാഹുവിന് ഉണ്ടായിരിക്കേണ്ട പരിപൂർണമായ ഗുണങ്ങൾ ബുദ്ധികൊണ്ട് ചിന്തിച്ച് പറയാവുന്നതല്ല. എന്നിരിക്കെ ഇവിടെ രണ്ടാമത്തെ അഭിപ്രായമായ പ്രവാചകൻ(ﷺ)യുടെ സന്ദേശം മുഖേന ലഭിച്ചതായിരിക്കാനാണ് സാദ്ധ്യത. ഇതോടെ നബി(ﷺ) അല്ലാഹുവിന്റെ നാമങ്ങളിലും ഗുണങ്ങളിലുമുള്ള യഥാർത്ഥമായ വിവരണം വ്യക്തമാക്കിയിരിക്കുന്നുവെന്ന് മനസ്സിലാകുന്നു.